**ശുചിത്വമിഷൻ**
തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ

04.07.2025

# പത്രക്കുറിപ്പ്

## മാലിന്യമുക്തം രോഗമുക്തം-2025 ക്യാമ്പയിന് സംസ്ഥാനത്ത് തുടക്കമായി

മാലിന്യമുക്തം രോഗമുക്തം-2025 ക്യാമ്പയിന് സംസ്ഥാനത്ത് തുടക്കമായി. പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജലജന്യ, പ്രാണി ജന്യ രോഗങ്ങൾ തടയുന്നതിലേക്കായി കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം സംഘടിപ്പിക്കുന്ന "സഫായി അപ്നാവോ, ബീമാരി ഭഗാവോ" ക്യാമ്പയിന്റെ ഭാഗമായാണ് "മാലിന്യമുക്തം രോഗമുക്തം-2025"ക്യാമ്പയിൻ സംസ്ഥാനത്ത് നടത്തുന്നത്. ജൂലൈ 31 വരെയാണ് കാലാവധി.

വൃത്തിയുള്ള കൈകൾ, വൃത്തിയുള്ള വീടുകൾ, വൃത്തിയുള്ള പരിസരങ്ങൾ, വൃത്തിയുള്ള ശുചിമുറികൾ, വൃത്തിയുള്ള ഓടകളും ജലാശയങ്ങളും, വൃത്തിയുള്ള പൊതുവിടങ്ങൾ എന്നീ ആറ് കാര്യങ്ങളാണ് ഇത്തവണത്തെ ക്യാമ്പയിനിൽ ലക്ഷ്യമിടുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിന്റെ ഭാഗമായി വീടുകൾതോറും ബോധവത്കരണ പരിപാടികൾ, സ്കൂളുകളിലും അങ്കണവാടികളിലും കൈ കഴുകൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ, സുരക്ഷിതമായ കുടിവെള്ള വിതരണ സംവിധാനം ഉറപ്പാക്കൽ, ശരിയായ രീതിയിൽ മാലിന്യ ശേഖരണവും നീക്കവും ഉറപ്പാക്കൽ, മാലിന്യ ഹോട്ട്സ്പോട്ടുകൾ കുറയ്ക്കുക എന്നീ പ്രവർത്തനങ്ങളും ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്ത് നടക്കും. #SafaiApnaoBimaariBhagao #SwabhavSwachhata #SanskaarSwachhata #മാലിന്യമുക്തംരോഗമുക്തം2025 എന്നീ ഹാഷ്ടാഗുകളാണ് ക്യാമ്പയിനിനായി ഉപയോഗിക്കുന്നത്.

ശുചിത്വമിഷന്റെയും തദ്ദേശഭരണ വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മുൻകൈയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ക്യാമ്പയിന്റെ ഭാഗമായുള്ള പരിശീലനങ്ങൾ, ഗൃഹസന്ദർശനങ്ങൾ, ബോധവത്കരണ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ, ശുചീകരണപ്രവർത്തനങ്ങൾ തുടങ്ങിയ പരിപാടികൾ ആരംഭിച്ചു.

റവന്യൂ കോംപ്ലക്സ്, 4th ഫ്ലോർ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം - 695033
ഫോൺ : 0471- 2312730, 2319831, ഇ-മെയിൽ : sanitationkerala@gmail.com